**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചട്ടമ്പിസ്വാമികളുടെ തറവാട് സ്മാരകമാക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ മച്ചേൽ കുളങ്ങരക്കോണത്ത് ചട്ടമ്പിസ്വാമികളുടെ തറവാട് സ്മാരകമാക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ഇതിന് വസ്തു ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കാമോ? | (എ) | നവോത്ഥാന നായകനായ ശ്രീ.ചട്ടമ്പി- സ്വാമികളുടെ സ്മരണാർത്ഥം അദ്ദേഹ-ത്തിന്റെ മാതൃഭവനം സ്ഥിതി ചെയ്യുന്ന സ്ഥലം സ്മാരകമായി സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നം.4 ൽ റീ-സർവ്വേ നമ്പർ. 288/1-2ൽ ഉൾപ്പെട്ട 9.58 ആർ വിസ്തൃതിയുള്ള ഭൂമിയും അതിൽ നിലവിലുള്ള കെട്ടിടവും നിയമപ്രകാരം റവന്യൂ വകുപ്പ് മുഖാന്തിരം സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി 03.02.2021 -ലെ സ.ഉ(സാധാ).നം.57/2021/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന് ആവശ്യമായ ചെലവ് 2205-00-102-98-36-പ്ലാൻ എന്ന ശീർഷകത്തിൽ സ്മാരകങ്ങൾക്കുള്ള ധനസഹായത്തിനായി സാംസ്കാരിക വകുപ്പിന് വകയിരുത്തിയ തുകയിൽ നിന്നും വഹിക്കുന്നതാണെന്നും ഉത്തരവായിരുന്നു. പ്രസ്തുതഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ട്. ഭൂമിയുടെ സ്കെച്ച്, ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള തുടർനടപടികൾക്കായി തിരുവനന്തപുരം ജില്ലാകളക്ടർക്ക് സാംസ്കാരിക വകുപ്പ് അധ്യക്ഷൻ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ